## കേരള ഗവർണ്ണർ

# ശ്രീ. ആർ. എൽ. ഭാട്ടിയ

## 2006 ഫെബ്രുവരി 3-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത

## പ്രസംഗം

*ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,*

കേരള നിയമസഭയുടെ 2006 വർഷത്തിലെ ആദ്യ സമ്മേളനത്തിലേക്ക് നിങ്ങളെ ഏവരെയും സ്വാഗതം ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. 2006-ൽ കേരളം നീതിപൂർവ്വകമായി വളർച്ചയുടെ പാതയിൽ മുന്നേറുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. പതിനൊന്നാം കേരള നിയമസഭയുടെ കാലാവധി അവസാനിക്കാറായ ഈ അവസരത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനായി എന്റെ സർക്കാർ കൈക്കൊണ്ട പരിശ്രമങ്ങളും ഉദ്യമങ്ങളും സംഗ്രഹിച്ച് ഈ മഹനീയ സഭയിൽ ഉണർത്തുന്നത് അഭികാമ്യമായിരിക്കും.

2. നിരവധി വെല്ലുവിളികൾ ഉണ്ടായിരുന്നിട്ടും എന്റെ സർക്കാർ കേരളത്തെ മുന്നോട്ടുള്ള വളർച്ചയുടെ പാതയിൽ എത്തിക്കുകയുണ്ടായി. ജനങ്ങളുടെ ഭൗതിക ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകിച്ചും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ഉണ്ടാക്കിയതിലും ഉള്ള അതിന്റെ നേട്ടങ്ങൾ കേരള സംസ്ഥാനത്തിന് ലോകവ്യാപകമായ പ്രശംസ നേടിക്കൊടുത്തു. സമീപകാലത്തായി വ്യാവസായിക വികസനം ഉൾപ്പെടെ സമഗ്രവികസനം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഉദ്യമങ്ങൾ ഏറ്റെടുത്തു എങ്കിൽകൂടി കേരളത്തിന് അതിന്റെ അതുല്യശക്തികളിൽ നേട്ടം കൈവരിക്കണമെങ്കിൽ ഭാവിയിലും ധീരവും പുരോഗമനപരവുമായ നടപടികൾ ആവശ്യമാണ്. ആയതു ചെയ്യാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

3. സംപൂജ്യനായ രാഷ്ട്രപതി 2015 വർഷത്തോടുകൂടി സംസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി 10 മിഷൻമോഡ് അജണ്ടകൾ ഈ മഹനീയ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. എന്റെ സർക്കാർ സഭയ്ക്ക് അകത്തും പുറത്തുമായി വിഷയ വൈപുല്യം നിറഞ്ഞ ചർച്ചകൾ നടത്തിയതിനുശേഷം ഇതിനെ "10+3+3" മിഷൻമോഡ് പദ്ധതികളായി വിപുലമാക്കി വിഷൻ 2010 പുറത്തിറക്കി, ഒരു ഉന്നതതല ദേശീയ ഉപദേശകസമിതി മിഷൻ പ്രോജക്റ്റുകളുടെ നടത്തിപ്പിന് മാർഗ്ഗദർശനമേകുന്നു. നിയോഗി ക്കപ്പെട്ട 5 കാര്യനിർവ്വാഹക ടാസ്ക് ഫോഴ്സുകൾ അനുയോജ്യ മായ പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിഹിതവും ഇൻഡ്യാ ഗവൺമെന്റിന്റെ വിഹിതവും യഥാക്രമം 15% വും 6% വും ആയി വിഭാവനം ചെയ്ത് 13495 കോടി രൂപ യുടെ മുതൽമുടക്കിൽ അഞ്ചുവർഷക്കാലയളവിൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ ഒരു കർമ്മ പദ്ധതി തയ്യാറാ ക്കിയിട്ടുണ്ട്. സ്വകാര്യമേഖലയിൽനിന്നും ധനകാര്യസ്ഥാപനങ്ങ ളിൽനിന്നും ഉള്ള നിക്ഷേപം ശേഷിക്കുന്ന വിഹിതങ്ങളിലേക്ക് പരിഗണിക്കപ്പെടുന്നതാണ്.

4. ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് എന്റെ സർക്കാർ ശ്രദ്ധ പതിപ്പിച്ചും ലക്ഷ്യബോധത്തോടും കൂടിയുള്ള വികസനത്തിൽ വിശ്വസിക്കുന്നു. മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ക്യാബിനറ്റ് സഹപ്രവർത്തകരും നയിച്ച സഹവർത്തിത്വ മനോഭാവത്തോടുകൂടി യുള്ള സമീപനത്തിന്റെ ഫലമായി 100 ദിനപരിപാടി, ഒരു വർഷ കർമ്മപദ്ധതി, പൊതുജനസമ്പർക്ക പരിപാടി, സുതാര്യകേരളം

എന്നീ പരിപാടികൾ വിജയിക്കുകയുണ്ടായി. തത്ഫലമായി വളരെ യേറെ ജനങ്ങൾക്ക് പ്രയോജനം നല്കിക്കൊണ്ട് അനവധി പദ്ധതികൾ പൂർത്തിയാക്കുകയും ആയിരക്കണക്കിന് യഥാർത്ഥ പരാതികൾ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്തു.

5. കഴിഞ്ഞ വർഷം എന്റെ സർക്കാർ ഇതേ സഭയിൽ ആധുനികവത്ക്കരണത്തിലും വികസനത്തിലും കേന്ദ്രീകരിച്ച് മാനുഷികമൂല്യങ്ങളോടുകൂടിയ പുരോഗമനപരമായ പരിഷ്കാരങ്ങൾക്ക് വേണ്ടിയുള്ള ഒരു അജണ്ടയ്ക്ക് രൂപം നല്കിയിരുന്നു. അതിനനുസൃതമായി എന്റെ സർക്കാരിന്റെ കാലത്ത് കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം എന്നീ പരമ്പരാഗത മേഖലകൾക്ക് പ്രത്യേക ഊന്നൽ നല്കുകയുണ്ടായി. വിപണന സഹായം എത്തിക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഉദ്യമങ്ങൾ ആരംഭിക്കുകയും ഈ മേഖലയെ ആശ്രയിക്കുന്ന ജനങ്ങൾക്ക് സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

6. സമൂഹത്തിലെ ദരിദ്രരുടെയും അഗതികളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും അധഃസ്ഥിതരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ഉന്നമനത്തിനായി കഴിയുന്ന എല്ലാ നടപടികളും എന്റെ സർക്കാർ എടുത്തിട്ടുണ്ട്. ദുർബല വിഭാഗത്തെ ശാക്തീകരിക്കുന്നതിന് സേവന പ്രദാനം വഴിയുള്ള പിന്തുണ എപ്രകാരം സഹായകമായി എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് കുടുംബശ്രീ, ആശ്രയ, പ്രത്യാശ മുതലായ പദ്ധതികളുടെ വിജയം. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനിടയുള്ള അതിവിശിഷ്ടമായ പങ്കാളിത്ത സാമൂഹ്യ സുരക്ഷാ

പരിപാടിയായ ആശ്രയ ഒരു ദേശീയ മാതൃകയായിത്തീർന്നു. ഈ വർഷം മുതൽ ദേശീയ വാർദ്ധക്യകാല പെൻഷൻ, അവശതാ പെൻഷൻ, വികലാംഗർക്കുള്ള പെൻഷൻ 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള സാമ്പത്തിക സഹായം എന്നിവ പോലെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ കുടിശ്ശികയുണ്ടാവുകയില്ലെന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സർക്കാർ നേരിട്ടുനൽകുന്ന മറ്റ് എല്ലാ പെൻഷനുകളും ഓരോ മാസവും ഒന്നാം തീയതി തന്നെ നൽകി വരുന്നുണ്ട്.

7. അപകടവുമായി ബന്ധപ്പെട്ട മരണം, അവശത എന്നിവയ്ക്കുള്ള നഷ്ടപരിഹാരവും നിലനില്ക്കുന്ന അസുഖം, പ്രസവാനുകൂല്യങ്ങൾ, ആശുപത്രിയിൽ കിടത്തി ചികിത്സിക്കുക, മാനസിക രോഗം എന്നിവയ്ക്കുള്ള ആനുകൂല്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട്, സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കുവേണ്ടി ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി എന്റെ സർക്കാർ അടുത്തിടെ ആരംഭിച്ചിട്ടുണ്ട്. 25 ലക്ഷം കുടുംബങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി കുടുംബശ്രീ മുഖേന നടപ്പിലാക്കി വരികയാണ്. പ്രീമിയം തുകയായ 99 രൂപ സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സർക്കാർ, ഗുണഭോക്തൃ കുടുംബം എന്നിവർക്കിടയിൽ 1:1:1 എന്ന അനുപാതത്തിൽ വിഭജിച്ചിരിക്കുകയാണ്.

8. സാമൂഹിക നീതി ഉറപ്പാക്കുന്നതിനും ഉയർത്തിപ്പിടിക്കുന്നതിനും എന്റെ സർക്കാരിനുള്ള നിശ്ചയദാർഢ്യം, സമർപ്പണം, പ്രതിബദ്ധത എന്നിവ കേരളീയർക്ക് അഭിമാനിക്കത്തക്കതാണ്. സംവരണത്തിന് അർഹതയുള്ള സമുദായത്തിന് സർക്കാർ

സേവന മേഖലയിലെ 40 % തസ്തികകൾ നീക്കിവയ്ക്കുന്നതിനും സംവരണം ചെയ്യുന്നതിനും വേണ്ടി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള സുപ്രധാനമായ ഒരു തീരുമാനം എന്റെ സർക്കാർ എടുക്കുകയുണ്ടായി. ചരിത്രപരമായ ഈ തീരുമാനം ഭാവിയിൽ ഒരു പിന്നാക്ക സമുദായത്തിനും ലഭിക്കേണ്ട അവസരങ്ങൾ നിഷേധിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതാണ്. സാമൂഹിക നീതി ഉറപ്പാക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ പ്രയത്നങ്ങൾക്ക് എല്ലാ വിഭാഗത്തിന്റേയും പിന്തുണയും സഹകരണവും ലഭിച്ചതിൽ ഞാൻ അങ്ങേയറ്റം സന്തോഷവാനാണ്.

9. കൊലയാളി സുനാമിത്തിര നമ്മുടെ തീരപ്രദേശങ്ങളിൽ നാശം വിതച്ചതിന്റെ ഒന്നാം വാർഷികം 2005 ഡിസംബർ 26–ാം തീയതി നാം ആചരിച്ചു. ആകുലരും അശരണരുമായ കുടുംബങ്ങൾക്ക് ആശ്വാസവും സാന്ത്വനവും നൽകുന്നതിൽ എന്റെ സർക്കാർ സാധ്യമായ എല്ലാ നടപടികളും എടുത്തു എന്നത് എനിക്കങ്ങേയറ്റം ചാരിതാർത്ഥ്യം നൽകുന്നു. ആശ്വാസ പുനരധിവാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും അവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും റവന്യൂ വകുപ്പിന്റെ കീഴിൽ പുതിയ ഒരു "ഡിസാസ്റ്റർ മാനേജ്മെന്റ്" വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. "രാജീവ്ഗാന്ധി പാക്കേജ് ഫോർ സുനാമി റിലീഫ്" ന്റെ കീഴിൽ 2005 ജനുവരിയിൽ ഭാരത സർക്കാർ ആകെ 249.36 കോടി രൂപ അനുവദിച്ചു. പാക്കേജ് തുകയായ 100 കോടി രൂപയുടെ സ്ഥാനത്ത് സംസ്ഥാന സർക്കാർ ആശ്വാസ പ്രവർത്തനങ്ങൾക്കായി 103.13 കോടി രൂപ ചെലവഴിച്ചു. കൂടാതെ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് പ്രത്യേക സുനാമി ദുരിതാശ്വാസ പദ്ധതികൾക്കായി 106 കോടി രൂപയുടെ സമ്പൂർണ്ണ ഗ്രാന്റ് ഉൾപ്പെടെ 246 കോടി രൂപ അനുവദിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു

സംസ്ഥാനതല കമ്മിറ്റിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിവിധ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 28.35 കോടി രൂപ ചെലവഴിക്കുകയുണ്ടായി. പുനരധിവാസ പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ നടക്കുകയും സുനാമി ബാധിത പഞ്ചായത്തുകളിലെ ജനജീവിതവും സാമ്പത്തികസ്ഥിതിയും സാധാരണ നിലയിലേക്ക് മടങ്ങിവരുകയും ചെയ്യുന്നു.

10. ശബരിമല തീർത്ഥാടകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്റെ സർക്കാർ വളരെ ഗൗരവത്തോടും ആത്മാർത്ഥതയോടും കൂടി സഹായം നല്കി കാണുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. എന്റെ സർക്കാരിന്റെ നിരന്തരവും നിഷ്ഠയോടുകൂടിയ പ്രേരണയാൽ നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ, ശബരിമല സന്ദർശിക്കുന്ന കോടിക്കണക്കിന് തീർത്ഥാടകർക്ക് പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി അത്യാവശ്യമായിരുന്ന വനഭൂമി ലഭ്യമാക്കുകയുണ്ടായി. ഗുരുവായൂർ ഒരു തികഞ്ഞ തീർത്ഥാടന പട്ടണമായി മാറ്റുന്നതിനായി ആസൂത്രിതമായ വികസനത്തിനുള്ള ഒരു മാസ്റ്റർപ്ളാൻ തയ്യാറാക്കുന്നതിനും കൂടി എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

11. ഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനും, പൊതുജീവിതത്തിൽ സത്യസന്ധത പ്രോത്സാഹിപ്പിക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സമീപ കാലത്ത് പാസ്സാക്കിയ ചരിത്രപ്രധാനമായ '2005-ലെ അറിയുവാനുള്ള അവകാശം ആക്റ്റ്', പൊതു അധികാരികളുടെ നിയന്ത്രണത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അവകാശം

പൗരന്മാർക്ക് നല്കുന്നു. ഈ ആക്റ്റിന്റെ വ്യവസ്ഥകൾ ശരിയായ അർത്ഥത്തിൽ നടപ്പാക്കാൻ ആവശ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

12. വ്യാവസായിക മേഖലയിലേയും അടിസ്ഥാന സൗകര്യ മേഖലയിലേയും വളർച്ചയ്ക്ക് വൻതോതിലുള്ള മുതൽമുടക്ക് ആവശ്യമാണ്. എന്റെ സർക്കാർ സംസ്ഥാനത്തിന്റെ പൊതുതാല്പര്യം സംരക്ഷിച്ചുകൊണ്ടുതന്നെ, സ്വകാര്യ-പൊതുനിക്ഷേപം, അങ്ങനെയുള്ള നിക്ഷേപത്തിന് അനുകൂലമായ ഒരന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട്, സംസ്ഥാനത്തേക്ക് ആകർഷിക്കുകയുണ്ടായി. "ആഗോള നിക്ഷേപ സമ്മേളനത്തിൽ" (ജിം) ചെയ്ത പ്രയത്നങ്ങൾക്ക് ഫലം കണ്ടു തുടങ്ങിയിരിക്കുന്നു. സംസ്ഥാനം അത്യന്താപേക്ഷിതമായ "നിക്ഷേപാനുകൂല അന്തരീക്ഷം" നേടി എടുത്തതിന്റെ ഫലമായി വിവിധ വ്യാവസായിക, അടിസ്ഥാന സൗകര്യ പദ്ധതികളിൽ ഏകദേശം 22,000 കോടി രൂപയുടെ നിക്ഷേപത്തിനുള്ള നിർദ്ദേശങ്ങൾ നേടുകയുണ്ടായി. എന്റെ സർക്കാരിന്റെ ആത്മാർത്ഥമായ പരിശ്രമം, കഴിഞ്ഞ വർഷം എൽ. എൻ. ജി. ടെർമിനൽ, ഗെയിലിന്റെ പ്രകൃതി വാതക പൈപ്പ് ലൈൻ, പെട്രോ കെമിക്കൽ കോംപ്ലക്സ്, സ്മാർട്ട് സിറ്റി, ടെക്നോ സിറ്റി, വല്ലാർപാടം ഐ.സി.റ്റി.റ്റി., വിഴിഞ്ഞത്തെ ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ എന്നിവയും മറ്റനേകം വൻകിട പ്രോജക്റ്റുകളും തുടങ്ങിവയ്ക്കാൻ സഹായകമായി.

13. തലസ്ഥാന നഗരിയായ തിരുവനന്തപുരത്തിന്റെ വികസനത്തിന് എന്റെ സർക്കാർ മുന്തിയ പരിഗണന നല്കി. തലസ്ഥാന നഗര വികസന പദ്ധതിയുടെ ആഭിമുഖ്യത്തിൽ നഗരത്തിന്റെ

പ്രധാന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ധാരാളം പദ്ധതികൾ നടപ്പാക്കി വരികയാണ്.

14. തിരുവനന്തപുരം കഴക്കൂട്ടത്ത് കിൻഫ്രാ ഫിലിം ആന്റ് വീഡിയോ പാർക്കിൽ ആനിമേഷൻ സോണിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്. ഭാരത സർക്കാരിന്റെ ബയോടെക്നോളജി വകുപ്പിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടുകൂടി കൊച്ചി കളമശ്ശേരിയിൽ 50 ഏക്കർ ഭൂമിയിൽ ബയോടെക്നോളജി പാർക്ക് വികസിപ്പിച്ചുവരുന്നു. ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി അടൂർ ഏനാടിമംഗലത്ത് 85 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ രണ്ടാമത്തെ ഭക്ഷ്യസംസ്കരണ വ്യവസായ പാർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം കഴക്കൂട്ടത്തെ ആനിമേഷൻ ആന്റ് ഗെയിമിംഗ് വ്യവസായം, എറണാകുളം കളമശ്ശേരിയിലെ ഇലക്ട്രോണിക്സ്, മലപ്പുറം കാക്കഞ്ചേരിയിലെ ഭക്ഷ്യസംസ്കരണം എന്നിങ്ങനെയുള്ള മൂന്ന് പ്രത്യേക ഉൽപ്പന്ന സാമ്പത്തിക മേഖലകളെ വികസിപ്പിക്കുന്നതിന് ഭാരത സർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയുണ്ടായി.

15. സംസ്ഥാനത്ത് വിവര സാങ്കേതിക മേഖലയുടെ വളർച്ചയ്ക്കുതകുന്ന പരിസ്ഥിതി സൃഷ്ടിക്കുവാനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കൊച്ചിയിൽ ഇൻഫോ പാർക്ക് സ്ഥാപിച്ചു എന്നത് ശ്രദ്ധേയമായ ഒരു നേട്ടമാണ്. ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ പങ്കാളിത്തത്തിൽ 300 ഏക്കറിൽ സ്വയംപര്യാപ്തമായ

ഐ.റ്റി.യും ഐ.റ്റി. അധിഷ്ഠിത സേവനങ്ങൾക്കുമായുള്ള ടൗൺഷിപ്പ്, നിർദ്ദിഷ്ട സ്മാർട്ട് സിറ്റി—33000 പേർക്ക് നേരിട്ട് തൊഴിൽ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ ധാരണാപത്രം ഇതിനകം ഒപ്പുവച്ചുകഴിഞ്ഞു.

16. 10,000-ൽ പരം തൊഴിൽ വിദഗ്ദ്ധർക്ക് തൊഴിൽ നൽകിക്കൊണ്ട് 80 ബഹുരാഷ്ട്ര കമ്പനികൾ പാർക്കിൽ പ്രവർത്തിക്കുന്നു. രണ്ടാംഘട്ട വിപുലീകരണത്തിന്റെ ഭാഗമായി "തേജസ്വിനി" എന്ന ഒരു ലോകോത്തര കെട്ടിടം നിർമ്മിച്ചുവരികയാണ്. ടെക്നോ പാർക്കിനോട് ചേർന്ന് നിർദ്ദിഷ്ട ടെക്നോ സിറ്റിയിൽ 500 ഏക്കർ വ്യാപ്തിയിൽ അത്യാധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് കെട്ടിപ്പടുത്ത സ്ഥലം നിർമ്മിച്ചെടുക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ എടുത്തിട്ടുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും അഭിനന്ദനം പിടിച്ചുപറ്റിയ ഡിജിറ്റൽ ഡിവൈഡിനെ ബന്ധിപ്പിക്കുന്ന അക്ഷയ എന്ന ഉൽക്കർഷേച്ഛയുള്ള പദ്ധതി ഇപ്പോൾ 7 ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. വരും വർഷത്തിൽ ശേഷിക്കുന്ന ആറു ജില്ലകളിലും ഏർപ്പെടുത്തുന്നതാണ്.

17. 2007-ഓടു കൂടി കേരളത്തെ സമ്പൂർണ്ണ പരസ്പര ബന്ധിത ശൃംഖലയാക്കപ്പെട്ട സംസ്ഥാനമാക്കുന്നതിനുള്ള ഉൽക്കർഷേച്ഛയുള്ള ഒരു പദ്ധതി എന്റെ സർക്കാരിനുണ്ട്. പ്രധാന നഗരങ്ങളായ കോഴിക്കോട്ടും കൊച്ചിയിലും തിരുവനന്തപുരത്തും മൂന്ന് ഡാറ്റാ കേന്ദ്രങ്ങളോടെ സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ച്ചർ (എസ്.ഐ.ഐ.) പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടുള്ളതും വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഇ-ഗവർണൻസ്

ആവശ്യങ്ങൾ നിറവേറ്റുന്നതുമാണ്. 2005 ഡിസംബറിൽ മുഖ്യമന്ത്രിയുടെ കാര്യാലയവും പതിനാല് ജില്ലാ കളക്റ്ററേറ്റുകളും തിരുവനന്തപുരത്തും ന്യൂഡൽഹിയിലും ഉള്ള പ്രധാനപ്പെട്ട കാര്യാലയങ്ങളും തമ്മിലുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽവന്ന കാര്യം ഞാൻ സസന്തോഷം അറിയിക്കുന്നു.

18. വരൾച്ചയും കാർഷിക വിഭവങ്ങളുടെ വിലത്തകർച്ചയും സമീപ വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് അപ്രതീക്ഷിതമായ തിരിച്ചടി ഉണ്ടാക്കിയെങ്കിലും കാർഷിക മേഖലയുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ധാരാളം കർഷക സൗഹൃദ നയങ്ങൾക്കും പരിപാടികൾക്കും എന്റെ സർക്കാർ വിജയകരമായി തുടക്കമിട്ടു. പഴങ്ങൾക്കും പച്ചക്കറികൾക്കും വേണ്ടി ഉള്ള ഒരു കാർഷിക കയറ്റുമതി മേഖല ഇതിനകം തന്നെ സ്ഥാപിച്ചിട്ടുള്ളതും ഔഷധ സസ്യങ്ങൾക്കായുള്ള ഒരു മേഖല സ്ഥാപിച്ചുവരുന്നതുമാണ്. കേന്ദ്ര സർക്കാർ ഇതിനകം 75 കോടി രൂപയ്ക്കുള്ള പദ്ധതികൾ അനുവദിച്ച സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് എന്റെ സർക്കാർ എല്ലാവിധ പിന്തുണയും ഉറപ്പുവരുത്തുന്നതാണ്.

19. കർഷകർക്ക് ഏക ജാലക സേവനം ലഭ്യമാക്കുന്നതിന് വേണ്ടി കൃഷിഭവനുകളിൽ കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, തേങ്ങ മുതലായ കാർഷിക വിളകൾക്ക് മൂല്യവർദ്ധനവിനും, മൈക്രോ ഫിനാൻസിനും, വിപണന സഹായത്തിനും വേണ്ടി മൈക്രോ എന്റർപ്രൈസസുകൾ ഏർപ്പെടുത്തും. ഈ വർഷം കാർഷിക മേഖലയിലുള്ള സേവനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനായുള്ള അഗ്രിനെറ്റ്

(കാർഷിക വിവര സംവിധാന ശൃംഖല) നടപ്പിലാക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട വാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. വൻതോതിൽ ജൈവ കൃഷി ആരംഭിക്കുന്നതിന് കർഷകരെ പ്രോൽസാഹിപ്പിക്കാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

20. സമീപ വർഷങ്ങളിൽ കേരളത്തിലെ മൃഗസംരക്ഷണ മേഖലയിലും ക്ഷീരമേഖലയിലും എടുത്തുപറയത്തക്ക വികസനം ഉണ്ടായിട്ടുണ്ട്. കൊച്ചിയിൽ ലൈവ് സ്റ്റോക്ക് ആന്റ് മറൈൻ പ്രോഡക്ട്സ് ഇൻവെസ്റ്റിഗേഷൻ ലാബ് ആരംഭിച്ചതും അരൂരിൽ മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ച്ചറിംഗ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചതും ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായത്തോടുകൂടി കുളമ്പ്-വായ് രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് മൃഗരോഗ നിയന്ത്രണ പരിപാടി നടപ്പിലാക്കിയതും എന്റെ സർക്കാർ ഈ വർഷം എടുത്ത പ്രധാനപ്പെട്ട ഉദ്യമങ്ങളിൽ ചിലതാണ്. സമീപകാലത്തായി ക്ഷീരകർഷക ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. പശുഗ്രാമവും എരുമ വളർത്തലും ആട് വളർത്തലും പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മാംസത്തിന്റെ കയറ്റുമതിയും മാംസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതും പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി ഒരു ഹൈ-ടെക് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. ഉന്നത നിലവാരമുള്ള സംസ്ഥാന വെറ്റിനറി അനിമൽ ഹെൽത്ത് കോംപ്ലക്സ് തിരുവനന്തപുരത്ത് സ്ഥാപിക്കും.

21. വിധവകൾക്കും അൻപത് വയസും അതിനു മുകളിലും പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്ന ഒരു പദ്ധതി അടുത്തുതന്നെ സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ തിരഞ്ഞെടുത്ത പതിനെട്ട് ബ്ലോക്കുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഐ. സി. ഡി. എസ്. പദ്ധതി സാർവ്വത്രിക മാക്കിയെങ്കിലും മുഴുവൻ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയിൻ കീഴിൽ പ്രയോജനം ലഭിച്ചിട്ടില്ല. 2006 മാർച്ച് 31 ഓടുകൂടി എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നതിനുവേണ്ടി മൂവായിരത്തി ഇരുനൂറ്റി അൻപത്തിയെട്ട് അംഗൻവാടി കേന്ദ്രങ്ങൾകൂടി തുടങ്ങുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

22. 2005-2006 കാലഘട്ടത്തിൽ നമ്മുടെ മത്സ്യതൊഴിലാളികളുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് സുനാമി ബാധിത പ്രദേശങ്ങളിൽ ജീവനോപാധികൾ പുനഃസ്ഥാപിക്കാനുള്ള പദ്ധതിക്ക് എന്റെ സർക്കാർ തുടക്കം കുറിച്ചു. സുനാമി ബാധിത പ്രദേശങ്ങളിൽ 3.710 കിലോമീറ്റർ ദൂരത്തിൽ പുതിയതായി കടൽഭിത്തി നിർമ്മിക്കുന്നതിനും 11.388 കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നവീകരിക്കുന്നതിനും അനുമതി നൽകിക്കഴിഞ്ഞു. മൈക്രോ എന്റർപ്രൈസസ് മുഖാന്തിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വനിതാ മത്സ്യത്തൊഴിലാളികൾക്ക് സഹായം നല്കുന്നതിനും വേണ്ടിയുള്ള സൊസൈറ്റി (സാഫ്) വഴി തീരപ്രദേശത്തും ഉൾനാടുകളിലും ഉള്ള ജില്ലകളിൽ മത്സ്യ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ സംഘടിപ്പിക്കുന്നതാണ്. സാമൂഹ്യ പങ്കാളിത്തത്തോടെ കടലിലെ ജീവൻ രക്ഷാപ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കോസ്റ്റ് ഗാർഡുകളുടെ സജീവ പങ്കാളിത്തത്തോടെ മറൈൻ എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

23. സംസ്ഥാനത്തെ തീരപ്രദേശത്തെ അടിസ്ഥാന സൗകര്യ പദ്ധതികൾ സുഗമമാക്കുന്നതിന് സർക്കാരിനെ സഹായിച്ചു പ്രവർത്തിക്കുന്നതിനായി ഒരു കോസ്റ്റൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി സമീപകാലത്ത് രൂപീകരിച്ചിട്ടുണ്ട്. കാഡ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകളിൽ ഭവന നിർമ്മാണം, കുടിവെള്ള വിതരണം, ഏറ്റവും അടുത്തുള്ള ദേശീയ/സംസ്ഥാന പാതകളുമായി റോഡുകളെ ബന്ധിപ്പിക്കൽ, ശുചീകരണ സൗകര്യങ്ങൾ, സാമൂഹ്യ അടിസ്ഥാന സൗകര്യം, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളും മത്സ്യബന്ധന തുറമുഖങ്ങളും വികസിപ്പിക്കുക, തീരദേശം അടിസ്ഥാനപ്പെടുത്തിയുള്ള വിനോദ സഞ്ചാര വികസനം എന്നിവ ഉൾപ്പെടുന്നു.

24. ഭൗതിക, സാമ്പത്തിക, വൈജ്ഞാനിക, വിപണന സൗകര്യങ്ങൾ ഇണക്കുന്ന 'പുര' (ഗ്രാമപ്രദേശങ്ങളിൽ നഗര സൗകര്യങ്ങൾ ലഭ്യമാക്കുക) എന്ന പുതിയ ഒരു പദ്ധതി തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ സജീവ പങ്കാളിത്തത്തോടെ തീരപ്രദേശങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി പാർപ്പിട സൗകര്യവും കുടിവെള്ളവും സാനിട്ടേഷനും റോഡുകളും മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാൻറിംഗ് സെന്ററുകളും ഏർപ്പെടുത്തുന്നതാണ്.

25. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും കുടുംബങ്ങളിൽ ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുംവേണ്ടിയുള്ള കാര്യക്ഷമമായ തന്ത്രങ്ങളിൽ ഒന്നാണ് ലക്ഷ്യമിട്ടിരിക്കുന്ന പൊതുവിതരണ

സമ്പ്രദായം. സംസ്ഥാനത്തെ അറുപത്തിയേഴ് ലക്ഷം കുടുംബ ങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടും. 2006-2007-ൽ വീടുവീടാന്തരമുള്ള സർവ്വേ നടത്തി ദാരിദ്ര്യ രേഖയ്ക്ക് താഴെയു ള്ള എല്ലാ കുടുംബങ്ങളെയും കണ്ടെത്തുന്നതിനും, ഉചിതമായ പരി ശോധനയ്ക്കുശേഷം അനർഹരായ വ്യക്തികളെ ഒഴിവാക്കുന്നതി നും, അർഹരായ വ്യക്തികളെ അന്ത്യോദയ-അന്നയോജന പദ്ധതിക്ക് കീഴിൽ കൊണ്ടുവരുന്നതിനും സിവിൽ സപ്ലൈസ് വകുപ്പ് ഉദ്ദേശിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ 5.9 ലക്ഷം കുടുംബങ്ങൾ അന്ത്യോദയ-അന്നയോജന പദ്ധതിയുടെ പരിധിയിൽ വരുന്നതും അതിനുകീഴിൽ കി. ഗ്രാമിന് 3 രൂപാ നിരക്കിൽ അരി വിതരണം ചെയ്യുന്നതുമാണ്. 9.50 കോടി രൂപയുടെ അധിക ചെലവിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 14.45 ലക്ഷം കുടുംബ ങ്ങൾക്കുകൂടി പ്രതിമാസം കി. ഗ്രാമിന് 3 രൂപാ നിരക്കിൽ അരി ലഭ്യമാക്കുന്നതിനായുള്ള ഒരു പുതിയ പദ്ധതികൂടി എന്റെ സർക്കാർ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

26. നടപ്പു വർഷത്തിൽ 1150 എ.ആർ.ഡി. ശബരി സ്റ്റോറു കൾ ആരംഭിച്ചുകൊണ്ട് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന അടിസ്ഥാന സൗകര്യം വികസിപ്പിക്കുക യുണ്ടായി. എല്ലാ അവശ്യ സാധനങ്ങളുടെയും വിലസ്ഥിരത ഉറപ്പാക്കാൻ ഇതു സഹായിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കർഷകരിൽ നിന്നും നേരിട്ട് നെല്ല് സംഭരിക്കുന്നതിന് കെ.എസ്.സി.എസ്.സി. ധീരമായ ഒരു നടപടി സ്വീകരിച്ചു. 2005 നവംബർ വരെ 110509 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് ആദായ വില ഉറപ്പാക്കിയിട്ടുണ്ട്. 2006-07-ലും കർഷകരിൽ നിന്നും നെല്ല് സംഭരണം തുടരാൻ കെ.എസ്.സി.എസ്.സി. ഉദ്ദേശിക്കുന്നു.

27. എന്റെ സർക്കാർ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഒരു നാടൻ ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. നാടൻ ഭക്ഷണങ്ങളുടെയും പാനീയങ്ങളുടെയും ഉപയോഗവും കയറ്റുമതിയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആഗോളതലത്തിൽ മത്സരിക്കുന്നതിനും ഇത് കേരളത്തിലെ സംരംഭകരെ സജ്ജരാക്കും.

28. ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമായ കയർ 3.75 ലക്ഷത്തിലേറെ തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം നൽകുന്നു, അതിൽ ഭൂരിഭാഗവും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള സ്ത്രീകളാണ്. പിരിച്ചുവിട്ട കയർ തൊഴിലാളികൾക്ക് സ്വയം തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് എന്റെ സർക്കാർ കയർ ബോർഡുമായി സഹകരിച്ച് അവർക്ക് പരിശീലനവും, യന്ത്രവൽകൃത റാട്ടും, പണിപ്പുര സൗകര്യവും, പ്രവർത്തന മൂലധനവും ലഭ്യമാക്കി സ്വയം സഹായ സംഘങ്ങൾ സ്ഥാപിക്കുന്ന ഒരു പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മൂലധന നിക്ഷേപത്തിന്റെ അൻപത് ശതമാനം സബ്സിഡി നൽകി സഹകരണ സ്വകാര്യമേഖലകളിൽ ഡീഫൈബറിംഗ് (നാര് നീക്കം ചെയ്യുന്ന) മില്ലുകൾ സ്ഥാപിക്കുവാൻ വകുപ്പ് പ്രോത്സാഹനം നൽകുന്നു. കുടപ്പനക്കുന്നിൽ ഒരു നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എന്റെ സർക്കാർ എടുത്തിട്ടുണ്ട്. വരും വർഷത്തിൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം (പി.എം.ഐ.) കൊണ്ടുവരുന്നതിനും വയലാറിലും പെരുമണ്ണിലും മാതൃകാ കയർ ഗ്രാമങ്ങളും, നാരുകൾക്കു വേണ്ടിയുള്ള അസംസ്കൃത വസ്തുക്കളുടെ ബാങ്കുകളും

ഏർപ്പെടുത്തുന്നതിനും ജിയോ ടെക്സ്റ്റൈൽ വികസന പരിപാടികൾക്കുള്ള പ്രത്യേക ഊന്നൽ നൽകുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

29. കൈത്തറി മേഖലയിലെ എല്ലാ കൈത്തറി നെയ്ത്തുകാരെയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ ഇൻഷ്വർ ചെയ്യുമെന്നത് പ്രഖ്യാപിക്കുന്നതിൽ ഞാൻ സന്തുഷ്ടനാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കൂട്ടായ്മയിലൂടെ സമുദ്ര-കശുവണ്ടി മേഖലാ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് ആത്മാർത്ഥമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. 2005-ാം വർഷത്തിൽ തൊഴിലാളികൾക്ക് 233 ദിവസം തൊഴിൽ ലഭ്യമാക്കിയും ഫാക്ടറികളിൽ ആയിരത്തോളം ആളുകൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ നൽകിയും കശുവണ്ടി വികസന കോർപ്പറേഷൻ സർവ്വകാല റെക്കോർഡ് രേഖപ്പെടുത്തി.

30. ഭാരത സർക്കാർ സമാരംഭിച്ച നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രോജക്ട് നടപ്പാക്കുന്നതിൽ എന്റെ സർക്കാർ വിജയിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ. യുടെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളേയും, റീജണൽ ക്യാൻസർ സെന്ററിനേയും ജില്ലാ താലൂക്ക് ആശുപത്രികളെയും ബന്ധിപ്പിച്ച് ടെലിമെഡിസിൻ പദ്ധതി കൂടി ആരംഭിച്ചു. ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ മുഖേന ആശുപത്രികൾക്കായി ഇമേജ് എന്ന പേരിൽ ഒരു ജൈവ-വൈദ്യ മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. രാജ്യത്ത് ആദ്യമായി എച്ച് ഐ വി/എയ്ഡ്സ് രോഗികൾക്ക് എ ആർ വി മരുന്നുകൾ സൗജന്യമായി നൽകുന്നത് എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഏതൊരു സ്ഥാപനത്തിലേയും ദാരിദ്ര്യരേഖയ്ക്കു

താഴെയുള്ള അമ്മമാരുടെ ആദ്യത്തേയും രണ്ടാമത്തെയും പ്രസവത്തിന് ധനസഹായം നൽകുന്ന കേന്ദ്രം സ്പോൺസർ ചെയ്യുന്ന പദ്ധതിയായ 'ജനനി സുരക്ഷാ യോജന' നടപ്പാക്കിയിട്ടുണ്ട്.

31. പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടൽ മുതലായ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും ഡിസാസ്റ്റർ മാനേജ്മെന്റ് യൂണിറ്റുകളും ദ്രുത കർമ്മ സംഘങ്ങളും സ്ഥാപിക്കുവാനും കൂടി ഉദ്ദേശിക്കുന്നു. ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഗോത്ര പ്രദേശങ്ങളിൽ സംഘങ്ങൾ രൂപീകരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പിന്നോക്ക ജില്ലകളിൽ സിക്കിൾസെൽ അനീമിയ ബാധിച്ച രോഗികളെ സഹായിക്കുന്നതിന് ഒരു പ്രത്യേക പദ്ധതിയും കൂടി നടപ്പിലാക്കുന്നതാണ്.

32. ഉപജീവനത്തിനായി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കഠിനാദ്ധ്വാനം ചെയ്യുന്ന പരിശ്രമശാലികളായി കേരള ജനത പേര് കേട്ടതാണ്. പ്രവാസി കേരളീയരുടെ സംഭാവനകൾ എന്റെ സർക്കാർ എക്കാലവും അംഗീകരിച്ചിട്ടുള്ളതും അവരുടെ എണ്ണമറ്റ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സഹായഹസ്തം നൽകാൻ എപ്പോഴും സന്നദ്ധവുമാണ്. ഈ സാഹചര്യത്തിലാണ് ഇന്ത്യയിൽ ആദ്യമായി നോർക്ക എന്ന ഒരു പ്രത്യേക വകുപ്പ് സർക്കാർ രൂപീകരിച്ചത്. പ്രവാസി കേരളീയരുടെ വോട്ടവകാശം അവരുടെ ദീർഘകാലമായുള്ള ആവശ്യങ്ങളിലൊന്നാണ്. പ്രവാസി ഭാരതീയർക്ക് വോട്ടവകാശം നൽകാമെന്ന് ഭാരത സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

33. പ്രവാസി കേരളീയരുടെ സജീവ സഹകരണത്തോടും ധനസഹായത്തോടും കൂടി ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി "എന്റെ ഗ്രാമം എന്റെ സ്വപ്നം" എന്ന ഒരു പദ്ധതി നോർക്ക വകുപ്പ് സമാരംഭിച്ചിട്ടുണ്ട്. വിദേശത്തുനിന്നും മടങ്ങിവന്ന പാവപ്പെട്ടവർക്ക് ഈ പദ്ധതി സാമ്പത്തിക സഹായം നൽകുന്നു. തിരുവനന്തപുരത്തെ നോർക്ക കേന്ദ്രം പൂർത്തിയാകുമ്പോൾ പ്രവാസി കേരളീയരുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ കേന്ദ്രമായിരിക്കുന്നതാണ്. വിവിധ രാഷ്ട്രങ്ങളിലെ പുതിയ തൊഴിൽ സാധ്യതകളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും തൊഴിലന്വേഷകർക്ക് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിനുംവേണ്ടി എന്റെ സർക്കാർ ഫിനിഷിംഗ് സ്കൂളുകൾ വഴി കോംപ്രിഹെൻസീവ് എംപ്ലോയ്മെന്റ് മാപ്പിംഗ് എന്ന ഒരു പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

34. ന്യൂഡൽഹിയിലുള്ള കേരള ഹൗസിന്റെ മാതൃകയിൽ നവി മുംബയിലെ വാഷിയിൽ ദീർഘനാളായി പണി പൂർത്തിയാകാതിരുന്ന കേരള ഹൗസിന്റെ പണി പൂർത്തിയാക്കാൻ എന്റെ സർക്കാർ അനുമതി നൽകി എന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇത് പൂർത്തിയാകുന്നതോടുകൂടി മുംബയിലേക്ക് യാത്ര ചെയ്യുന്ന മലയാളികളുടെ ഒരു ചിരകാല സ്വപ്നം സാക്ഷാത്കരിക്കപ്പെടും.

35. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം പൊതുവായും സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പ്രത്യേകിച്ചും മെച്ചപ്പെടുത്തുന്നതിന് വ്യവസായവും സർവ്വകലാശാലയും തമ്മിൽ

ക്രിയാത്മകമായ സഹകരണം ഉണ്ടായേതീരൂ. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി സർവ്വകലാശാലാ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനും സർവ്വകലാശാലകളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ബിരുദധാരികളുടെ സ്നിഗ്ധമായ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള ഒരു സമഗ്രമായ പരിപാടി ആരംഭിച്ചിട്ടുള്ളതും വ്യവസായത്തിന്റെ സജീവമായ പങ്കാളിത്തത്തോടുകൂടി ഇത് തുടരുന്നതുമാണ്.

36. കേരളത്തിലെ മതസൗഹാർദ്ദവും പൊതു സമാധാനവും നമുക്കെല്ലാം അഭിമാനം നൽകുന്നതിൽ ചിലതാണ്. ഏത് പ്രതികൂല സാഹചര്യത്തെയും കൈകാര്യം ചെയ്യുന്നതിനും പൊതു ക്രമസമാധാനം പാലിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തുന്നതിനും വേണ്ടി പോലീസിനെ സജ്ജമാക്കുന്നതിന് എന്റെ സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേരള മറൈൻ റെയിഞ്ച് യൂണിറ്റ്, ജില്ലാ പാസ്പോർട്ട് സെല്ലുകൾ, അന്തർസംസ്ഥാന ഇൻറലിജൻസ് സപ്പോർട്ട് ടീം എന്നിവയുടെ രൂപീകരണം, ഇമിഗ്രേഷൻ വിംഗുകളുടെ ശക്തിപ്പെടുത്തൽ, തൃശ്ശൂരിൽ കേരള പോലീസ് അക്കാഡമിയുടെ ആരംഭം, ഇന്ത്യയിൽ ആദ്യമായി 'റെയിൽ ജാഗ്രത പദ്ധതി' യുടെ നടപ്പിലാക്കൽ, എഫ്. എസ്. എൽ.-ലെ ഡി. എൻ. എ., ഫിംഗർ പ്രിന്റിംഗ്, പോളിഗ്രാഫ് എന്നീ ടെസ്റ്റുകൾക്കുള്ള സൗകര്യം, കണ്ണൂരും തൃശ്ശൂരും രണ്ട് മേഖലാ എഫ്. എസ്. എൽ.-കൾ ഏർപ്പെടുത്തിയതും ഇവയിൽ ചിലതാണ്.

37. പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുന്ന പൊതുജനങ്ങളെ പ്രത്യേകിച്ചും സ്ത്രീകളേയും കുട്ടികളെയും സഹായിക്കുന്നതിന് സൈബർ പോലീസ് സ്റ്റേഷൻ, കേരള പോലീസ് "24 × 7", 'മഹിളാ ഡെസ്ക്കുകൾ' എന്നിവയും നിലവിലുള്ള ഹൈവേ പോലീസും ട്രാഫിക് യൂണിറ്റുകളും ശക്തിപ്പെടുത്തുന്നതും തീരദേശ പോലീസ് റെയിഞ്ചുകൾ തുടങ്ങുന്നതും വരും വർഷം എന്റെ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളിൽ ചിലതാണ്.

38. തടവുകാരെ നേരിട്ട് കോടതി മുമ്പാകെ ഹാജരാക്കാതെ തന്നെ റിമാന്റ് കാലാവധി ദീർഘിപ്പിക്കുന്നതിന് സൗകര്യം ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലയിലെ വിവിധ കോടതികളും ജയിലുകളും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം എന്റെ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന പരിപാടിയാണ്.

39. കടയ്ക്കൽ, ചെങ്ങന്നൂർ, പാമ്പാടി, കടുത്തുരുത്തി, പൈനാവ്, നിലമ്പൂർ എന്നിവിടങ്ങളിൽ നടപ്പുവർഷം തന്നെ പുതിയ ഫയർ റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ഫയർ ആന്റ് റസ്ക്യൂ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതലായി അഗ്നിശമന വാഹനങ്ങളും ഉപകരണങ്ങളും സംഭരിക്കുന്നതിനും ഓയൂർ, കല്ലൂർകാട്, മണ്ണാർകാട്, പെരിങ്ങം, പൂവ്വാർ എന്നിവിടങ്ങളിൽ പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

40. പുരാതനകാലം മുതൽതന്നെ കേരളത്തിന്റെ വികസനത്തിൽ തുറമുഖങ്ങൾ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. തുറമുഖങ്ങളുടെ യഥാർത്ഥ സാദ്ധ്യതകൾ സാക്ഷാത്കരിക്കുന്നതിനായി

അവ ആധുനിക ഉപകരണങ്ങളാൽ സജ്ജമാക്കപ്പെട്ട എല്ലാ ഋതുക്കളിലുമുള്ള ഒരു തുറമുഖമായിരിക്കേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് എന്റെ സർക്കാർ വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ, ആലപ്പുഴ എന്നീ തുറമുഖങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് തീരുമാനിച്ചു കഴിഞ്ഞു.

41. വിഴിഞ്ഞത്ത് ഒരു ആഴക്കടൽ അന്തർദ്ദേശീയ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ വികസിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുകയും സർക്കാരിന്റെ അതിവേഗ പദ്ധതിയിൻകീഴിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ ആകെ ചിലവ് 4360 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഭാരത സർക്കാരിന്റെ ദേശീയ മാരിടൈം വികസന പദ്ധതി (എൻ. എം. ഡി. പി.) യിൻ കീഴിൽ 1388 കോടി രൂപ ചിലവിൽ അഴീക്കൽ തുറമുഖവും 400 കോടി രൂപ ചിലവിൽ വിഴിഞ്ഞത്ത് ഒരു വിവിധോദ്ദേശ തുറമുഖവും വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ബേപ്പൂർ തുറമുഖത്തിന്റെ വികസനം 2006-07 വർഷത്തിൽ ആരംഭിക്കുന്നതാണ്. തുറമുഖങ്ങളിലെ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, തങ്കശ്ശേരി, അഴീക്കൽ എന്നീ സ്ഥലങ്ങളിൽ ചരക്കുബെർത്തുകൾ നിർമ്മിച്ചുവരികയാണ്.

42. എന്റെ സർക്കാർ എടുത്ത ആത്മാർത്ഥമായ നടപടികളുടെ ഫലമായി, കേരളത്തിലെ സഹകരണമേഖല കഴിഞ്ഞ നാല് വർഷങ്ങളിൽ, മുമ്പെങ്ങുമില്ലാത്തവിധത്തിലുള്ള വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പ്രകാരം

5.43 ലക്ഷം വായ്പക്കാർക്ക് 199 കോടി രൂപയുടെ സഹായം നൽകുകയുണ്ടായി. 3442 സൊസൈറ്റികളിലായി 1488 കോടി രൂപയുടെ കിട്ടാക്കടം ഈടാക്കുന്നതിനുകൂടി ഈ പദ്ധതി സഹായിക്കുകയുണ്ടായി. കാർഷിക വായ്പയുടെ പലിശ 8.5 ശതമാനമായി കുറച്ചിട്ടുണ്ട്.

43. ഇതിനുപുറമേ എന്റെ സർക്കാർ, കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് വേണ്ടിയുള്ള ഗ്രീൻ കാർഡ്, കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, കാർഷിക ജനാശ്വാസ പദ്ധതി, വയനാട് ജില്ലയ്ക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജ് പദ്ധതി, വായ്പാ സഹകരണ സംഘങ്ങൾ വഴി മഴവെള്ള സംഭരണ പരിപാടികൾക്കുവേണ്ടിയുള്ള ഉദാരവായ്പാ പദ്ധതി, വായ്പ തിരിച്ചടയ്ക്കുന്ന കാലയളവിൽ മരണപ്പെട്ട, വായ്പ എടുത്തവരുടെ കാർഷിക വായ്പാ ബാദ്ധ്യത ഏറ്റെടുക്കുന്നതിനായുള്ള റിസ്ക് ഫണ്ട് പദ്ധതി എന്നിവ പോലെയുള്ള ധാരാളം പ്രധാനപ്പെട്ട ക്ഷേമ പദ്ധതികൾ കൂടി ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' 2006 ജൂൺ വരെ ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ മേഖലയിലൂടെയുള്ള കാർഷിക വായ്പ തുക ഇരട്ടിയാക്കുന്നതാണ്.

44. കണ്ണൂരിലെ പരിയാരത്തുള്ള മെഡിക്കൽ സർവ്വീസസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ 4 കോടി രൂപ പദ്ധതി ചിലവിൽ ഒരു മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിൻ കീഴിൽ അടുത്തവർഷം സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും, നഴ്സിംഗ് കോളേജും വിവിധ പാരാ മെഡിക്കൽ കോഴ്സുകളും ആരംഭിക്കുന്നതാണ്.

45. ഭരണ നവീകരണ പരിപാടിയുടെ കീഴിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഉദ്യമമായ സേവനപ്രദാന പദ്ധതി 2587 സ്ഥാപനങ്ങളിൽ നടപ്പിലാക്കുകയുണ്ടായി. പൊതുസ്ഥാപനങ്ങളിൽ സേവനം പ്രദാനം ചെയ്യുന്നതിന്റെ നിലവാരം നിർണ്ണയിക്കുന്നതിനുള്ള ഒരു ശ്രമമായ ക്വാളിറ്റി സർക്കിളുകൾ, സേവനമുദ്ര സർട്ടിഫിക്കേഷൻ എന്നിവപോലെയുള്ള ധാരാളം നൂതനമായ പരീക്ഷണങ്ങൾ വിജയപ്രദമായി ഏർപ്പെടുത്തിവരുന്നു. സേവന പ്രദാന പദ്ധതിയുടെ വാഗ്ദാനത്തിന്റേയും പ്രസക്തിയുടേയും മാർഗ്ഗദീപത്തിൽ എന്റെ സർക്കാർ ഭരണ നവീകരണ പരിപാടിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനായി തീരുമാനിക്കുകയും അതിനായി ഭാരത സർക്കാരിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

46. രാജ്യത്തെ ഏറ്റവും നല്ല പഞ്ചായത്ത് രാജ് സംവിധാനം ഉള്ള സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള എന്റെ സർക്കാരിന്റെ വിജയകരമായ ശ്രമങ്ങളുടെ അംഗീകാരമായി ഞാൻ ഇതിനെ കണക്കാക്കുന്നു. പുതിയ തദ്ദേശഭരണ സർക്കാരുകൾ ഉത്തരവാദിത്വത്തോടെയുള്ള ഭരണം കാഴ്ചവയ്ക്കുന്നതിന് പ്രാപ്തമാകുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുകയാണ്. വളരെയധികം കാലതാമസമുണ്ടായ തദ്ദേശഭരണ സർക്കാരുകളുടെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ പുനരാരംഭിച്ചിട്ടുള്ളതും അത് അടുത്ത വർഷം പൂർത്തീകരിക്കുന്നതുമാണ്. ഇത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതും, അക്കൗണ്ടുകൾ സൂക്ഷിക്കുന്നതും വികസന പരിപാടികൾ നിരീക്ഷിക്കുന്നതും മെച്ചപ്പെടുത്തുന്നതും പിന്നീട് പൗര-സൗഹൃദ ഇ-ഗവേണൻസിലേക്ക് നയിക്കുന്നതുമാണ്.

47. സംസ്ഥാനത്തെ നഗര വികസന പ്രവർത്തനങ്ങൾക്ക്, എ. ഡി. ബി.-യുടെ സഹായത്തോടെയുള്ള കേരള സുസ്ഥിര നഗര വികസന പ്രോജക്ട് സംസ്ഥാനത്തെ അഞ്ച് സിറ്റി കോർപ്പറേഷനുകൾ വഴി നടപ്പിലാക്കുന്നതോടെ ഒരു ഉണർവ് ലഭിക്കുന്നതാണ്. പുതുതായി ആരംഭിച്ച ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ ഏറ്റവും നന്നായി ഉപയോഗപ്പെടുത്തുവാൻ എന്റെ സർക്കാർ തയ്യാറാണ്.

48. പാവപ്പെട്ടവരെ സാമൂഹികമായും സാമ്പത്തികമായും ശാക്തീകരിക്കുന്ന കുടുംബശ്രീയുടെ വിശിഷ്ടമായ നേട്ടങ്ങളിൽ കേരളത്തിന് ന്യായമായും അഭിമാനിക്കാം. കുടുംബശ്രീ ഇപ്പോൾ അന്തർദ്ദേശീയമായി ഏറ്റവും നല്ല ഒരു സമ്പ്രദായമാണ്. മറ്റു പലതിന്റേയും കൂട്ടത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മൈക്രോ ഫൈനാൻസ് കമ്പനി രൂപീകരിക്കുക, തദ്ദേശ സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അഞ്ച് മൈക്രോ എന്റർപ്രൈസസുകളുടെ കൂട്ടം വികസിപ്പിക്കുക മുതലായ ധാരാളം ഉദ്യമങ്ങൾ ആരംഭിക്കുന്നതിനായി എന്റെ സർക്കാർ ഇതിന്റെ ശക്തി ഉപയോഗപ്പെടുത്തുന്നതാണ്.

49. പട്ടികജാതിക്കാരുടെ സർവ്വതോന്മുഖമായ വികസനത്തിനായി അവർക്ക് കൂടുതൽ പ്രയോജനപ്രദമായ തൊഴിൽ ലഭിക്കുന്നത് പ്രാപ്തമാക്കുന്നതിനുള്ള നിലവാരമുള്ള വിദ്യാഭ്യാസം അവർക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്റെ സർക്കാർ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. ഈ ലക്ഷ്യം മുന്നിൽകണ്ട് 4 ലക്ഷം വിദ്യാർത്ഥികളെ എഡ്യൂക്കേഷണൽ കൺസെഷൻ സ്കീമിന്റെ കീഴിലുള്ള പ്രീ മെട്രിക്കും പോസ്റ്റ്

മെട്രിക്കുമായ പഠനത്തിൻ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. 2006-2007-ൽ പാരാ മെഡിക്കൽ സ്ഥാപനങ്ങളിലൊന്നിന്റെ പദവി ഉയർത്തി കൊണ്ട് പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും പ്രയോജനത്തിനു മാത്രമായി ഒരു നഴ്സിംഗ് കോളേജ് തുടങ്ങുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

50. എന്റെ സർക്കാർ ഗോത്രവർഗ്ഗക്കാരുടെ വികസനത്തിന് എല്ലായ്പ്പോഴും മുന്തിയ പരിഗണന നൽകിയിട്ടുള്ളതും ഗോത്ര വർഗ്ഗക്കാർക്കിടയിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പരിശ്രമിച്ചിട്ടുള്ളതുമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ റ്റി.എസ്.പി. കോർപ്പസ് നിധിയിൻ കീഴിൽ പ്രത്യേകം നീക്കിവെയ്ക്കപ്പെട്ട നിധിയിൽ നിന്നും 350 കോടി രൂപ ചിലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. എല്ലാ ആദിമ ഗോത്രകുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ വ്യാപിപ്പിക്കുന്നതിനുകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പ്രീമെട്രിക് ഹോസ്റ്റലുകളുടേയും മോഡൽ റസിഡൻഷ്യൽ/ആശ്രമ സ്കൂളുകളുടേയും നിർമ്മാണ ജോലി പൂർത്തീകരിക്കുന്നതിനുകൂടി മുൻഗണന നൽകിയിട്ടുണ്ട്. ഗോത്രവർഗ്ഗക്കാർക്കിടയിലെ ഭൂരാഹിത്യ പ്രശ്നത്തെപ്പറ്റി ഈ മഹത്തായ സഭയ്ക്ക് അറിവുള്ളതാണല്ലോ. റ്റി. എസ്. പി. യുടെ കീഴിലെ പ്രധാന പ്രവർത്തനം ഗോത്ര വർഗ്ഗക്കാരുടെ പുനരധിവാസമാണ്. ട്രൈബൽ മിഷന്റെ രൂപീകരണത്തിനുശേഷം 3802 ഗോത്രവർഗ്ഗ കുടുംബങ്ങൾക്കായി മൊത്തം 5902.92 ഏക്കർ വിസ്തീർണ്ണമുള്ള ഭൂമി വിതരണം ചെയ്യുകയുണ്ടായി. വയനാട്ടിലെ ഗോത്രവർഗ്ഗക്കാർക്കുവേണ്ടി ഒരു

പ്രത്യേക പാക്കേജും ആദിമ ഗോത്രവർഗ്ഗക്കാർക്കുവേണ്ടി ഒരു സമഗ്രമായ പാക്കേജും നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

51. ഗ്രാമ വികസനത്തിൻ കീഴിൽ, മറ്റു പദ്ധതികൾക്കു പുറമെ നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി പ്രോഗ്രാം പാലക്കാട്, വയനാട് എന്നീ രണ്ട് ജില്ലകളിൽ നടപ്പിലാക്കുന്നതാണ്. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗർ യോജനയുടെ കീഴിൽ അടുത്ത വർഷം 30000 കുടുംബങ്ങൾക്ക് മൈക്രോ എന്റർപ്രൈസസുകൾ തുടങ്ങുന്നതിന് സഹായം നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

52. ഏറ്റവും നല്ല കായിക താരങ്ങളെ വാർത്തെടുക്കുന്ന കാര്യത്തിൽ കേരളം ദേശീയമായും അന്തർദ്ദേശീയമായും എപ്പോഴും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അടുത്തിടെ ഭേദഗതി ചെയ്യപ്പെട്ട 2000-ലെ കേരള സ്പോർട്സ് ആക്റ്റ്, കേരള സംസ്ഥാന സ്പോർട്സ് അതോറിറ്റിയുടെ വിപുലമായ പ്രാതിനിധ്യവും വർദ്ധിച്ച പ്രവർത്തനസാദ്ധ്യതയും വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ കായിക താരങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി ദേശീയ സ്പോർട്സ് ക്ഷേമനിധിയുടെ മാതൃകയിൽ ഒരു സംസ്ഥാന സ്പോർട്സ് ക്ഷേമനിധി രൂപീകരിക്കുന്നതാണ്. സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ബാംഗ്ലൂരിലെ അതിന്റെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിപ്പിക്കുന്ന സെന്ററിന്റെ മാതൃകയിൽ എറണാകുളത്തും ഒരു സ്പോർട്സ് സയൻസ് സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

53. സംസ്ഥാനത്തിന്റെ വികസനത്തിന് യുവശാക്തീകരണം അത്യന്താപേക്ഷിതമാണെന്ന് എന്റെ സർക്കാർ ഉറച്ച് വിശ്വസിക്കുന്നു. യുവജനങ്ങളുടെ സംരംഭകശേഷി കണ്ടെത്തുന്നതിനും അവരെ വിവരസാങ്കേതിക വിദ്യയിലും വിവര സാങ്കേതികാധിഷ്ഠിത സേവനങ്ങളുമായി ബന്ധപ്പെട്ട പരമ്പരാഗത മേഖലകളിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന അവസരങ്ങൾ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനും യുവജന കാര്യവകുപ്പ് യുവജനക്ഷേമ ബോർഡ് മുഖാന്തിരം ഉൽക്കർഷേച്ഛയുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

54. എന്റെ സർക്കാർ, തൊഴിലാളികളുടെ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും യാതൊരു വിട്ടുവീഴ്ചയും ചെയ്യാതെ, സംസ്ഥാനത്തിനകത്ത് ഒരു നിക്ഷേപക സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിന് പ്രതിജ്ഞാബദ്ധമാണ്. എല്ലാ മേഖലകളിലും ഉള്ള തൊഴിലിന് 'ഫ്ളോർ ലെവൽ മിനിമം വേജസ്' നിശ്ചയിക്കുന്നതിന് തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നു. ക്ഷേമനിധി ബോർഡ് സ്ഥാപനങ്ങളിലൂടെ സാമൂഹ്യസുരക്ഷയുടെ പരിരക്ഷ എല്ലാവരിലേക്കും വ്യാപിപ്പിക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും ജോലിക്കാർക്കുവേണ്ടി ഒരു ക്ഷേമനിധി പദ്ധതി പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്.

55. 2005 ഡിസംബറിൽ കരട് ബൗദ്ധിക സ്വത്തവകാശ നയരേഖ മുഖ്യമന്ത്രി പ്രകാശനം ചെയ്തു എന്നതിൽ എനിക്ക് സന്തോഷമുണ്ട്. നിയമവകുപ്പിലെ എന്റെ സർക്കാരിന്റെ ഈ ഉദ്യമം നമ്മുടെ രാജ്യത്തിലെ ഈ ദിശയിലുള്ള പ്രഥമ സംരംഭമാണ്.

നിയമവകുപ്പ് ഏറ്റെടുത്തിട്ടുള്ള വിവിധ വിവരസാങ്കേതിക പദ്ധതികൾ വ്യക്തമായ നേട്ടങ്ങൾ കൈവരിക്കുവാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ സംരംഭം വരുന്ന വർഷത്തിലും തുടർന്നുകൊണ്ടുപോകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

56. കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി അമ്പതു ബ്ലോക്ക് പഞ്ചായത്തുകളിൽ 'എയ്ഡ് ക്ലിനിക്' ഏർപ്പെടുത്തിയിട്ടുണ്ട്. "നിയമപാഠം" എന്ന പേരിൽ ഒരു പുസ്തകം സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

57. റദ്ദാക്കാൻ കഴിയുന്ന 102 ആക്റ്റുകളും 595 ഭേദഗതി ആക്റ്റുകളും കണ്ടെത്തി അവയുടെ ഒരു പട്ടിക നിയമ പരിഷ്ക്കരണ സമിതി തയ്യാറാക്കിയിട്ടുണ്ട്. എന്റെ സർക്കാർ 697 നിയമങ്ങൾ റദ്ദാക്കുന്നതിനായി 2005-ലെ കേരള റദ്ദാക്കലും ഭേദഗതി ചെയ്യലും ഓർഡിനൻസ് (2005-ലെ 18) എന്ന പേരിൽ ഒരു ഓർഡിനൻസ് 2005 ഡിസംബറിൽ വിളംബരം ചെയ്യുകയുണ്ടായി.

58. പൊതുജനങ്ങളിൽനിന്നും ലഭിച്ച തീർപ്പാകാതെ കിടന്ന അപേക്ഷകളും/ഹർജികളും തീർപ്പാക്കുന്നതിനായി 3-1-2006 മുതൽ 20-1-2006 വരെയുള്ള 15 പ്രവൃത്തി ദിനങ്ങളിലായി ആകെയുള്ള 1566 ഗ്രാമങ്ങളെയുമുൾപ്പെടുത്തി റവന്യൂ അദാലത്ത് എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഒരു ബൃഹത്തായ പരിപാടി എന്റെ സർക്കാർ ആരംഭിക്കുകയുണ്ടായി. ഈ പരിപാടിക്ക് ജനങ്ങളിൽ നിന്ന് വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്. ഏകദേശം 211087 ഹർജികൾ അദാലത്തിൽ തീർപ്പാക്കാനായി എന്നതിൽ എനിക്ക് സന്തോഷമുണ്ട്.

59. 2005 നവംബർ വരെയുള്ള കാലയളവിൽ റവന്യൂ വകുപ്പ് വിവിധ വിഭാഗങ്ങളിലായി ആകെ 66500 പട്ടയങ്ങളും 10000 അവകാശ രേഖകളും കൈവശക്കാർക്ക് നൽകുകയുണ്ടായി. സർവ്വേ വകുപ്പിൽ ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിച്ച് 1100 ചതുരശ്ര കി. മീ. പ്രദേശത്തിന്റെ റീ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

60. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആരംഭിച്ച 'സുരക്ഷ' എന്ന പുതിയ ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ 2752 വീടുകളുടെ നിർമ്മാണത്തിന് സർക്കാർ അനുമതി നൽകി. ഈ പദ്ധതി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 40000 വീടുകൾ നിർമ്മിക്കുന്നതിനായി 2006–07 വർഷത്തിലും തുടരുന്നതാണ്.

61. നിയമവിരുദ്ധ ലോട്ടറികൾ നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടികൾ എന്റെ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഓൺലൈൻ ലോട്ടറി പൂർണ്ണമായും നിർത്തിക്കഴിഞ്ഞു. നിയമ വിരുദ്ധ ലോട്ടറികൾ നിയന്ത്രിക്കുന്നതിനായി എന്റെ സർക്കാർ കൈക്കൊണ്ട ഫലപ്രദമായ നടപടികൾമൂലം ലോട്ടറി വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ എടുത്തുപറയത്തക്ക വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2005 മേയ് മാസത്തിൽ കേരള പേപ്പർ ലോട്ടറി പുനരാരംഭിക്കുന്നതിലേക്ക് നയിച്ച സാഹചര്യങ്ങൾ മഹനീയ സഭയ്ക്ക് അറിവുള്ളതാണ്.

62. സാംസ്കാരിക രംഗത്തെ പല പ്രവർത്തനങ്ങൾക്കും പുറമെ ശ്രീചിത്ര ആർട്ട് ഗാലറിക്കുവേണ്ടി എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ശ്രീചിത്ര ആർട്ട് ഗാലറിയും നേപ്പിയർ മ്യൂസിയവും ശാസ്ത്ര സ്മാരകങ്ങളായി സംരക്ഷിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

63. വന സംരക്ഷണ പ്രവർത്തനങ്ങളിൽ വനത്തെ ആശ്രയിച്ചു ജീവിക്കുന്ന ജനങ്ങളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള വനങ്ങളുടെ മൊത്തത്തിലുള്ള വികസനത്തിൽ എന്റെ സർക്കാർ വിശ്വസിക്കുന്നു. "ഹാബിറ്റാറ്റ് ഫോറസ്ട്രി" യുടെ കീഴിൽ സർക്കാർ ഭൂമിയിലും സ്വകാര്യ ഭൂമിയിലും വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഒരു പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഉൾക്കാടുകളിലുള്ള കഞ്ചാവ് കൃഷി കണ്ടെത്തുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കുന്നതിനും സെക്കന്തരാബാദിലെ അഡ്വാൻസ്ഡ് ഡേറ്റാ പ്രോസസിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ വനം കൊള്ള തടയുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇക്കോ ടൂറിസം പരിപാടിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 10 ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ "വണ്ടർഫുൾ വൈൽഡർനെസ്" എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

64. സംസ്ഥാനത്തെ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഫലപ്രദമായ ക്രമീകരണത്തിനും നടത്തിപ്പിനും വേണ്ടി ഒരു പുതിയ പരിസ്ഥിതി വകുപ്പ് ഉണ്ടാക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ വകുപ്പ് പരിസ്ഥിതി മലിനീകരണം തടയുന്നതിനായി പ്രശ്നങ്ങളെ എടുത്തു പറയുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നതിനായി പഠനങ്ങൾ നടത്തിക്കുകയും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ തിരുത്തൽ നടപടികൾ എടുത്തുകൊണ്ട് അവ നടപ്പാക്കുകയും ചെയ്യുന്നതാണ്. ഒരു കരട് പരിസ്ഥിതി നയം തയ്യാറാക്കിക്കൊണ്ടിരിക്കുന്നതും അത് ഉടൻതന്നെ പ്രഖ്യാപിക്കുന്നതുമാണ്.

65. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് വേണ്ടി ഒരു 'മലയോര വികസന

ഏജൻസിക്ക് ' രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളുടെ വികസനം ആ പ്രദേശത്തിന് അനുയോജ്യമായ ആസൂത്രണത്തിലൂടെയും അവിടങ്ങളിൽ നിലവിലുള്ള ഏജൻസികൾ ഊർജ്ജിതപ്പെടുത്തുന്നതിലൂടെ സുഗമമാക്കുന്നതിന് പ്രേരകമാകുകയെന്നതാണ് ഈ ഏജൻസിയുടെ ഉദ്ദേശം.

66. സംസ്ഥാനത്ത് ആകെയുള്ള 193 ട്രഷറികളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ വരവു ചെലവുകളെ സംബന്ധിക്കുന്ന റിപ്പോർട്ടുകൾ ദൈനംദിനാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും അതുവഴി ധനസ്ഥിതിയുടെയും വികസന പ്രവർത്തനങ്ങളുടെയും ഫലപ്രദമായ മേൽനോട്ടം വഹിക്കുന്നതിന് ധനകാര്യവകുപ്പിനെ പ്രാപ്തമാക്കുന്നതിനുമുള്ള ഒരു സംവിധാനം 2006 മാർച്ചിൽ ആരംഭിക്കുന്നതാണ്. കണ്ണൂരിലെ ആലക്കോടും തൃശ്ശൂരിലെ മണലൂരിലും ആലപ്പുഴയിലെ മാന്നാറിലും തിരുവനന്തപുരത്തെ കടയ്ക്കാവൂരിലും മലപ്പുറത്തെ വണ്ടൂരിലും പുതിയ സബ് ട്രഷറികൾ ആരംഭിച്ചു.

67. പെൻഷൻ വിതരണത്തിനായി കോട്ടയം സബ് ട്രഷറിയിൽ ഒരു തുടക്കമെന്ന നിലയിൽ ഒരു ടെല്ലർ സിസ്റ്റം എന്റെ സർക്കാർ ഏർപ്പെടുത്തി. ഈ സമ്പ്രദായം വ്യാപിപ്പിക്കുന്നതിനായി പെൻഷണർമാരുടെ എണ്ണം കൂടുതലുള്ള മറ്റു ട്രഷറികൾ ഏതൊക്കെ ആണെന്ന് കണ്ടെത്തി വരികയാണ്.

68. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിൽ ജലപാതകളുടെ പ്രാധാന്യം വളരെ പ്രകടമാണ്. ബഹുമാന്യനായ ഭാരതത്തിന്റെ രാഷ്ട്രപതി നിർദ്ദേശിച്ചതുപോലെ സ്മാർട്ട് ജലപാതകളുടെ വികസനത്തിനായി എന്റെ സർക്കാർ

പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ പശ്ചിമതീരകനാലിന്റെ കോവളം-കൊല്ലം, കോട്ടപ്പുറം-ഹോസ്ദുർഗ്ഗ് ഭാഗത്തിന്റെയും മറ്റു പോഷക കനാലുകളുടെയും വികസന പ്രവർത്തനങ്ങൾ 2006-07 വർഷത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

69. കോട്ടയം ജില്ലയിലെ വലിയ ഒരു ഭാഗം പ്രദേശങ്ങളുടെ ജലസേചനാവശ്യങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മീനച്ചിൽ നദീതട പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്, എന്നു പറയുവാൻ എനിക്ക് സന്തോഷമുണ്ട്. 65.27 കോടി രൂപ ചെലവിൽ 1-ാം ഘട്ടം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതും ഈ വർഷം തന്നെ ഈ പദ്ധതിയുടെ ജോലികൾ ആരംഭിക്കുന്നതുമാണ്.

70. സമീപവർഷം വയനാടും, പാലക്കാടും ഉണ്ടായ വരൾച്ചാ സമാനമായ സ്ഥിതിവിശേഷം നമ്മുടെ ഓർമ്മയിൽ തങ്ങിനിൽക്കുന്നതാണ്. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ള പലകപ്പാണ്ടി ഡൈവേർഷൻ പദ്ധതിയുടെ പണി ആരംഭിച്ചിട്ടുള്ളതും 2006-07 വർഷത്തിൽ പൂർത്തീകരിക്കുന്നതുമാണ്. 2005 ആഗസ്റ്റിൽ ഭാഗികമായി കമ്മീഷൻ ചെയ്യപ്പെട്ട പാലക്കാട് ജില്ലയിലെ തൃത്താലയിലെ റഗുലേറ്റർ-കം-ബ്രിഡ്ജ് 2006-07-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതാണ്. കാരാപ്പുഴ ജലസേചന പദ്ധതിയും ബാണാസുരസാഗർ ജലസേചന പദ്ധതിയും ഈ വർഷം ഭാഗികമായി കമ്മീഷൻ ചെയ്യുന്നതാണ്.

71. ഒരു വർഷ കർമ്മപരിപാടിയുടെ ഭാഗമായി കേരള ജല അതോറിറ്റി കഴിഞ്ഞ വർഷം 127 ജലവിതരണ പദ്ധതികൾ

ഏറ്റെടുക്കുകയുണ്ടായി. ഇവയിൽ 72 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. സുനാമി ബാധിത പ്രദേശങ്ങളിൽ കേരള ജല അതോറിറ്റി അടിയന്തിര ഇടപെടൽവഴിയും ദീർഘകാലാടിസ്ഥാനത്തിലുള്ള 5 സമഗ്ര പദ്ധതികൾ വഴിയായും 195 പദ്ധതികൾ ഏറ്റെടുക്കുകയും അവയിൽ 171 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജെ. ബി. ഐ. സി. സഹായത്തോടുകൂടിയുള്ള 1787 കോടി രൂപയുടെ കേരള ജല വിതരണ പദ്ധതിയുടെ ആരംഭത്തിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചു കഴിഞ്ഞിട്ടുണ്ട്.

72. ജലനിധി, ലോകബാങ്ക് സഹായത്തോടെയുള്ള ഒരു റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ പദ്ധതിയിൻകീഴിൽ 130,635 ആളുകൾക്ക് പ്രയോജനം നൽകിക്കൊണ്ട് 401 ജലവിതരണ പദ്ധതികൾ 2005-06 വർഷത്തിൽ പൂർത്തീകരിക്കുകയുണ്ടായി. ജലനിധി പദ്ധതിയുടെ നടത്തിപ്പ് 2006 വർഷത്തിലും തുടരുന്നതാണ്.

73. 2004 വർഷത്തിൽ ആരംഭിച്ച മഴവെള്ള സംഭരണ പ്രചരണ പരിപാടിക്ക് പുറമെ, എൻ. ജി. ഒ. കളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യ സാംസ്കാരിക സംഘടനകളെയും ജലസംരക്ഷണ മേഖലയിലെ വിദഗ്ദ്ധരെയും വിദ്യാർത്ഥികളേയും ഉൾപ്പെടുത്തിക്കൊണ്ട് ജലസംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു ജനകീയ പ്രചരണ പരിപാടിക്ക് എന്റെ സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇൻഡ്യയിലെതന്നെ പ്രഥമ പദ്ധതിയായ 'ജല സാക്ഷരതപദ്ധതി' തുടരുന്നതും, പഞ്ചായത്ത്/ജില്ലാ, സംസ്ഥാനതലങ്ങളിൽ ജലജാഗ്രിതി സമിതികൾ അവരുടെ പ്രവർത്തനം ഊർജിതപ്പെടുത്തുന്നതുമാണ്.

74. ജലസേചനത്തിന് ഉപയോഗിക്കുന്നതിനായി പുതുതായി ആരംഭിച്ച 'റിപ്പയർ, റിനോവേഷൻ ആന്റ് റസ്റ്റോറേഷൻ ഓഫ് വാട്ടർ ബോഡീസ്' എന്ന കേന്ദ്രം സ്പോൺസർ ചെയ്യുന്ന പദ്ധതിയിൻകീഴിൽ പാലക്കാട്, പത്തനംതിട്ട ജില്ലകളിലെ ജലസേചന സംഭരണികളുടെ പുനഃസ്ഥാപനത്തിനായി രണ്ട് പൈലറ്റ് പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വിവിധ പദ്ധതികളിൻകീഴിൽ കമാന്റ് ഏരിയാ വികസന അതോറിറ്റി വഴി കമാൻഡ് ഏരിയകളിൽ ഫാം റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

75. ലോക ബാങ്കിന്റെ സഹായത്തോടെയുള്ള കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്റ്റ് (സംസ്ഥാനത്ത് 1600 കിലോമീറ്റർ റോഡുകളുടെയും ഉൾനാടൻ ജലപാതകളുടെയും ശക്തിപ്പെടുത്തലിനും ഉന്നതനിലവാരത്തിലുള്ള പരിപാലനത്തിനും വേണ്ടി 1612.80 കോടി രൂപ) ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരിക്കുന്നു.

76. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള ലിമിറ്റഡ് ഉദ്ദേശം 50 കോടി രൂപാ ചെലവിൽ പത്ത് റെയിൽവേ ഓവർ ബ്രിഡ്ജുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 2006 മാർച്ചോടെ മറ്റ് മൂന്ന് റെയിൽവെ ഓവർ ബ്രിഡ്ജുകൾ പൂർത്തിയാകുന്നതും 2006-2007 കാലയളവിൽ കൂടുതലായി പത്ത് റെയിൽവേ ഓവർ ബ്രിഡ്ജുകളും പൂർത്തിയാകുന്നതുമാണ്. 1000 കിലോമീറ്റർ ഹിൽ ഹൈവേയുടെ നടപ്പിലാക്കൽ പൊതുമരാമത്ത് വകുപ്പ് തുടങ്ങിയിട്ടുണ്ട്. നന്ദരപ്പടവു മുതൽ പാലക്കാട്‌വരെയുള്ള

ആദ്യഘട്ടം ഏറ്റെടുത്തിട്ടുള്ളതും പാലക്കാട് മുതൽ തിരുവനന്തപുരത്തിനടുത്തുള്ള കടുക്കര വരെയുള്ള സർവ്വേ പൂർത്തിയായിക്കൊണ്ടിരിക്കുന്നതുമാണ്. കേരള റോഡ് ഫണ്ട് ബോർഡിൻ കീഴിൽ തിരുവനന്തപുരത്തുള്ള 42 കിലോമീറ്റർ സിറ്റി റോഡുകൾ വികസിപ്പിച്ചുവരികയാണ്.

77. എന്റെ സർക്കാർ, ഓരോ വിഭാഗത്തിലുംപെട്ട റോഡ് ഉപയോക്താക്കളുടെ സുരക്ഷ കണക്കിലെടുത്തുകൊണ്ട് ഇതാദ്യമായി ഒരു സമഗ്ര റോഡ് നയം പ്രഖ്യാപിച്ചിട്ടുണ്ട്. 21-ാം നൂറ്റാണ്ടിലെ വികസന വെല്ലുവിളികളെ നേരിടുന്നതിനുവേണ്ടി ലോക നിലവാരത്തോടുകൂടിയ ഒരു അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിന് ത്വരിതഗതിയിലുള്ള ആധുനികവൽക്കരണം, റോഡ് നിർമ്മാണത്തിൽ ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗം, എച്ച്. ആർ. വികസനം, റോഡ് സുരക്ഷ നടപ്പാക്കൽ എന്നിവയും മറ്റ് നടപടികളും അവലംബിച്ചുവരികയാണ്.

78. കേരളത്തിന് തീർച്ചയായും അതിന്റെ സ്ക്കൂൾ കുട്ടികളുടെ മെച്ചപ്പെട്ട പോഷകാഹാര നിലവാരത്തിൽ അഭിമാനിക്കാവുന്നതാണ്. പ്രീപ്രൈമറി ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള ഗവൺമെന്റ് സ്കൂളുകളിലെയും എയ്ഡഡ് സ്ക്കൂളുകളിലെയും എല്ലാ സ്ക്കൂൾ കുട്ടികൾക്കും ഓരോ ആഴ്ചയിലും ഒരു പഴം/ഒരു മുട്ട വിതരണം ചെയ്യുവാനുള്ള ഒരു നൂതന പരിപാടി അടുത്തിടെയായി എന്റെ സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഉദ്ദേശം 23 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമാകുന്ന ഈ ഉത്ക്കർഷേച്ഛയുള്ള പരിപാടി സ്ക്കൂൾ കുട്ടികൾക്കിടയിൽ മറഞ്ഞിരിക്കുന്നതോ അല്ലാത്തതോ ആയ ഏതെങ്കിലും രീതിയിലുള്ള

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് മുതൽക്കൂട്ടായിരിക്കുന്നതാണ്. എന്റെ സർക്കാർ 2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഇത് പബ്ലിക് പരീക്ഷകളെ നേരിടുന്ന വിദ്യാർത്ഥികളുടെ ഉൽകണ്ഠയ്ക്ക് ആശ്വാസം നൽകാൻ സഹായിക്കുന്നത് മാത്രമല്ല സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം സമഗ്രമായി മെച്ചപ്പെടുത്തുന്നതിനും സഹായിക്കുകയും കൂടിയുണ്ടായി. 2006 മാർച്ചിലെ ഹയർ സെക്കന്ററി പരീക്ഷ ഉൾപ്പെടെയുള്ള മറ്റ് പരീക്ഷകൾക്കും ഈ സമ്പ്രദായം ഇപ്പോൾ വ്യാപിപ്പിച്ചിട്ടുണ്ട്. 2006 ജൂലൈയോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളെയും ബന്ധിപ്പിക്കുന്നതിന് എഡ്യൂസാറ്റ് ഉറപ്പാക്കുന്നതാണ്. സ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ഒരു പ്രത്യേക ചാനൽ അടുത്തുതന്നെ സംപ്രേക്ഷണം ചെയ്യുന്നതാണ്.

79. കോട്ടയം ജില്ലയിൽ തെക്കുംതലയിൽ 'കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്ട്സ്' സർക്കാർ സ്ഥാപിക്കുകയുണ്ടായി എന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അന്തർദ്ദേശീയമായി പേരു കേട്ട സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെയായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്.

80. 2007-ഓടെ സംസ്ഥാനത്തുള്ള എല്ലാ ജനങ്ങൾക്കും താങ്ങാവുന്ന ചെലവിൽ ഗുണനിലവാരത്തോടുകൂടി വിദ്യുച്ഛക്തി വിതരണം ചെയ്യുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വരുംവർഷത്തിൽ ധാരാളം പദ്ധതികൾ കമ്മീഷൻ ചെയ്തുകൊണ്ട് ഗ്രിഡിലേയ്ക്ക് 150 മെഗാവാട്ട് കൂട്ടിച്ചേർക്കുവാൻ കെ.എസ്.ഇ.ബി.

ഉദ്ദേശിക്കുന്നു. പുതുക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനായുള്ള നമ്മുടെ ശ്രമങ്ങൾക്ക് ഒരു ഉയർച്ച നൽകുന്നതിനായി 2006–2007 കാലയളവിൽ ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ 4 മെഗാവാട്ട് വൈദ്യുതിയുടെ ഒരു വിൻഡ്ഫാം സ്ഥാപിക്കാൻ കേരള വൈദ്യുതി ബോർഡും അനർട്ടും ഉദ്ദേശിക്കുന്നു. സബ്സ്റ്റേഷനുകൾ നിർമ്മിച്ചുകൊണ്ടും, വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകൊണ്ടും കേടായ വൈദ്യുതി മീറ്ററുകൾ പുനഃസ്ഥാപിച്ചുകൊണ്ടും വൈദ്യുതി മോഷണത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടും ഓരോ വർഷവും 2% കണ്ട് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് സർക്കാർ ഉയർന്ന മുൻഗണന നൽകുന്നു. വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്തുന്നതിന് ഇ.എച്ച്.റ്റി. സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിച്ചുകൊണ്ട് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നു. പള്ളിപ്പുറത്ത് 400 കെ.വി. സബ്സ്റ്റേഷന്റെയും മധുര മുതൽ തിരുവനന്തപുരം വരെ 400 കെ.വി. ലൈനിന്റെയും നിർമ്മാണം പവർഗ്രിഡ് കോർപ്പറേഷൻ പൂർത്തിയാക്കിയിട്ടുള്ളതും കമ്മീഷൻ ചെയ്തിട്ടുള്ളതുമാണ്.

81. 100 ദിന പരിപാടിയുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷത്തിൽ 7,76,678 പുതിയ വൈദ്യുതി കണക്ഷനുകൾ അനുവദിച്ചിട്ടുള്ളതും, അതിൽ 1,52,134 ഗുണഭോക്താക്കൾ ബി.പി.എൽ. കുടുംബങ്ങളാണ്. ഇത് ആദ്യമായാണ് അങ്ങനെയുള്ള കുറഞ്ഞ സമയത്ത് കൂടുതൽ എണ്ണം കണക്ഷനുകൾക്ക് അനുമതി നൽകിയത്. 343 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുള്ള രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതികാർ യോജന 3753 ചെറുഗ്രാമങ്ങളിലായി

നടപ്പിലാക്കിയിട്ടു്. ഊർജ്ജ സംരക്ഷണത്തിനും വോൾട്ടേജ് മെച്ചപ്പെടുത്തലിനും വേിയുള്ള എ. പി. ആർ. പി. ഡി. പദ്ധതി പ്രകാരം ഭാരത സർക്കാർ 552 കോടി രൂപ അനുവദിച്ചിട്ടുള്ളതും അതിന്റെ ജോലി ഇതിനകം തന്നെ തുടങ്ങിയിട്ടുള്ളതുമാണ്. 2 വർഷക്കാലയളവിനുള്ളിൽ കേരളത്തിലെ എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കുമെന്ന് പറയുവാൻ എനിക്ക് സന്തോഷമുണ്ട്.

82. കൂട്ടായ പ്രയത്നത്താൽ 2003–04 വർഷത്തിൽ ബോർഡിന്റെ റവന്യൂ കമ്മി 1007.43 കോടി രൂപയിൽനിന്നും 2004–05–ൽ 342.77 കോടി രൂപയായി കുറച്ചുകൊണ്ടുവന്നു എന്ന് കാണുന്നത് സന്തോഷദായകമാണ്. 2002 ഒക്ടോബർ മുതൽ കെ. എസ്. ഇ. ബി. താരിഫ് വർദ്ധിപ്പിച്ചിട്ടില്ല. 2006 ജനുവരി ഒന്നാം തീയതി മുതലുള്ള പ്രാബല്യത്തോടുകൂടി എല്ലാ ഗാർഹിക കമേഴ്സ്യൽ VIIഎ, VIIബി ഉപഭോക്താക്കൾക്കും, ഒരു യൂണിറ്റിന് 20 പൈസ കണ്ട് താരിഫ് കുറയ്ക്കുന്നതിനായി സർക്കാർ ശക്തമായ ഒരു തീരുമാനം എടുത്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലും സർക്കാർ ഇങ്ങനെയുള്ള ധീരമായ നടപടി എടുക്കുന്നത് ആദ്യമായാണെന്ന് ഞാൻ പ്രഖ്യാപിക്കട്ടെ.

83. രാജ്യത്തിലെ ഒന്നാംകിട വിനോദ സഞ്ചാര കേന്ദ്രമായി ഇപ്പോൾ കേരളം നിലകൊള്ളുന്നു. 2004 വർഷത്തിൽ വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ സംസ്ഥാനം എക്കാലത്തെയും ഉയർന്ന 17.28 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. വരുംവർഷത്തിൽ എന്റെ സർക്കാരിന്റെ ശ്രദ്ധ പൈതൃക സാംസ്കാരിക സംരക്ഷണത്തിന് ഊന്നൽ നൽകുന്നതോടൊപ്പം സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന

വിനോദസഞ്ചാര പര്യടനങ്ങളുടെ സമഗ്ര വികസനത്തിലും സുസ്ഥിര വിനോദ സഞ്ചാരത്തിനും ഹെൽത്ത് ടൂറിസം, ഫാം ടൂറിസം, ഇക്കോ ടൂറിസം പോലെയുള്ള പ്രത്യേക വിനോദ സഞ്ചാര മേഖലകളിലുമായിരിക്കുന്നതാണ്. ആലപ്പുഴയിൽ ഇന്റർ നാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, വാഗമണിൽ ആയുർവേദിക് റിസോർട്ട് ആന്റ് ഹെർബൽ ഗാർഡൻ, നെല്ലിയാംപതിയിൽ ഹോളിസ്റ്റിക് ഹെൽത്ത് കെയർ റിസോർട്ട് ആന്റ് സ്പൈസസ് ഗാർഡൻ പോലെയുള്ള വൻകിട പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്. വിനോദ സഞ്ചാര കേന്ദ്രങ്ങളായ മൂന്നാർ, പൊൻമുടി, തേക്കിൻകാട് മൈതാനം എന്നിവ വികസിപ്പിക്കുകയും അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ്. അമേരിക്കൻ ഐക്യനാടുകൾ, തെക്ക്-കിഴക്ക് ഏഷ്യ എന്നിവ പോലെയുള്ള ലഭ്യമായതും എന്നാൽ ഇതുവരെ ഉപയോഗിക്കാത്തതുമായ കമ്പോളങ്ങളിൽ കേരള ടൂറിസം പ്രോത്സാഹജനകമായ പ്രയത്നങ്ങൾ വ്യാപിപ്പിക്കുന്നതാണ്. തീർത്ഥാടന പര്യടന പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന യത്നം ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നു. ഭാരതത്തിന്റെ ബഹുമാന്യനായ രാഷ്ട്രപതി വിനോദ സഞ്ചാര മേഖലയിൽ 2010-ഓടുകൂടി, ലക്ഷ്യമിട്ടിരിക്കുന്നത് അന്തർദ്ദേശീയ വിനോദ സഞ്ചാരികളുടെ വരവിലുള്ള മൂന്ന് മടങ്ങ് വർദ്ധനവും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിലുള്ള രണ്ട് മടങ്ങ് വർദ്ധനവുമാണ്, അതിനുവേണ്ടി ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

84. സംസ്ഥാനത്ത് ഭീതിജനകമായി വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങളുടെ എണ്ണം കണക്കിലെടുത്ത് മോട്ടോർ വാഹന വകുപ്പ് ത്വരിതഗതിയിലുള്ള നടപടികൾ എടുത്തിട്ടുണ്ട്. എന്റെ സർക്കാർ റോഡ് സുരക്ഷ അതോറിറ്റി ഏർപ്പെടുത്തുന്നതിനായി ഇതിനകം ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയ പാതയിലെ വേഗത സാദ്ധ്യത പ്രദേശത്ത് സ്പീഡ് വാച്ച് ടൗവ്വറുകൾ സ്ഥാപിക്കുന്നതിനുംകൂടി ഉദ്ദേശിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള സന്ദേശം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

85. സംസ്ഥാനത്തിന്റെ വാണിജ്യ തലസ്ഥാനത്തുള്ള ദശലക്ഷത്തോളം ദൈനംദിന യാത്രക്കാർക്കുവേണ്ടി അതിവേഗ ഗതാഗത സമ്പ്രദായത്തിന്റെ പകരസംവിധാനമായി 25 കിലോമീറ്റർ ദൂരത്തിൽ ഒരു ലൈറ്റ് മെട്രോ റെയിൽ സിസ്റ്റം കൊച്ചിയിൽ തുടങ്ങാനുള്ള പ്രാഥമിക നടപടി എന്റെ സർക്കാർ എടുത്തിട്ടുണ്ട്. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭാരത സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി 'കിൻഫ്ര'യെ നോഡൽ ഏജൻസിയായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

86. കേരളീയരുടെ സ്വപ്നമായ സംസ്ഥാനത്തിന്റെ നാലാമത്തെ എയർപോർട്ട് കണ്ണൂരിൽ അടുത്തുതന്നെ യാഥാർത്ഥ്യമാക്കപ്പെടുമെന്ന് എനിക്ക് വിശ്വാസമുണ്ട്. പി. പി. പി. (പൊതു സ്വകാര്യ പങ്കാളിത്തം) രീതിയിൽ എയർപോർട്ട് നിർമ്മിക്കുന്നതിന് ഒരു വിശദമായ നിർദ്ദേശം ഭാരത സർക്കാരിന്റെ അംഗീകാരത്തിനായി എന്റെ സർക്കാർ അയച്ചിട്ടുണ്ട്.

87. 2005-06 വർഷത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചിലവ് ചുരുക്കുന്നതിനും നിരവധി നടപടികൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടപ്പാക്കിയിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. യുടെ ദിവസേനയുള്ള ശരാശരി വരുമാനം കഴിഞ്ഞ ഭരണകാലത്ത് 1.60 കോടി രൂപയായിരുന്നത് ഇപ്പോൾ 2.62 കോടി രൂപ എന്ന ആകർഷകമായ സംഖ്യയിലെത്തി നിൽക്കുന്നു. കോർപ്പറേഷന്റെ പ്രവർത്തന നഷ്ടം പ്രതിമാസം 16 കോടി രൂപയിൽ നിന്നും 8 കോടി രൂപയായി കുറച്ചുകൊണ്ടുവരുവാൻ സാധിച്ചു. ദൈനംദിന യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം നൽകുന്നതിന് സാങ്കേതികമായി മേന്മയുള്ളതും യാത്രാസൗഹൃദവുമായ ബസ്സുകൾ, കാലപ്പഴക്കം ചെന്ന ബസ്സുകൾ ഘട്ടംഘട്ടമായി ഒഴിവാക്കിക്കൊണ്ട്, വാഹനങ്ങളുടെ നിരയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. എന്റെ സർക്കാർ അധികാരമേറ്റതു മുതൽ 1024 ഹൈടെക് ബസ്സുകൾ ഉൾപ്പെടെ 1469 പുതിയ ബസ്സുകൾ കെ. എസ്. ആർ. ടി. സി. റോഡിലിറക്കിയിട്ടുണ്ട്. ഗ്രാമങ്ങളിലും ഉൾനാടൻ വഴികളിലും ജനങ്ങളുടെ യാത്രാ ആവശ്യം നിറവേറ്റുന്നതിന് മിനി ബസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2006-07 കാലത്തിൽ 400 പുതിയ ബസ്സുകൾ റോഡിൽ ഇറക്കാൻ കെ. എസ്. ആർ. ടി. സി. ഉദ്ദേശിക്കുന്നു.

88. മുന്നിലുള്ള യത്നം വെല്ലുവിളികൾ നിറഞ്ഞതാണ്. എന്നിരുന്നാലും കേരളത്തിന്റെ പൊതുനന്മയ്ക്കായി കേരളീയരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി സമ്പുഷ്ടവും നന്മ നിറഞ്ഞതുമായ ഈ സംസ്ഥാനത്തെ ജനങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസത്തോടും ഉത്തരവാദിത്വത്തോടും നീതി പുലർത്തുന്നതിനായി രാഷ്ട്രീയ വ്യത്യാസങ്ങൾക്കിടയിലും വികസനത്തിനുവേണ്ടി ഐക്യം ഉയർന്നുവരുമെന്ന് ആത്മവിശ്വാസം എനിക്കുണ്ട്.

ഒരിക്കൽ ഇത് സംഭവിച്ചുകഴിഞ്ഞാൽ വികസനത്തിന്റെ പാതയിലുള്ള നമ്മുടെ മുന്നേറ്റത്തിൽ യാതൊരു വിധത്തിലുള്ള തിരിഞ്ഞുനോട്ടവും ഉണ്ടാവുകയില്ല എന്ന് എനിക്കുറപ്പുണ്ട്.

48. മുഖ്യമന്ത്രിയുടെ കഴിവുറ്റതും ഊർജ്ജസ്വലവുമായ നേതൃത്വത്തിൻ കീഴിൽ കേരളത്തെ ഇൻഡ്യയിലെ വികസിത സംസ്ഥാനങ്ങളിൽ ഒന്നാക്കി മാറ്റുവാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും പ്രതിജ്ഞാബദ്ധതയും എന്റെ സർക്കാരിന് ഉണ്ട് എന്നതിനെക്കുറിച്ച് എനിക്ക് തികച്ചും ബോദ്ധ്യം വന്നിട്ടുണ്ട്. സർക്കാർ വ്യവസായ വികസന മേഖലയിലും ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിലും സമ്പദ്‌വ്യവസ്ഥയുടെ കാർഷിക പരമ്പരാഗത മേഖലകളിലും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും താഴെത്തട്ടിലുള്ളവരുടെ ക്ഷേമ പരിപാടികളിലും തൊഴിൽദായക പരിപാടികളിലും എടുത്തിട്ടുള്ള ഉദ്യമങ്ങൾ കേരളത്തെ വികസനത്തിന്റെയും വളർച്ചയുടെയും ഉറച്ച പാതയിലേക്ക് നയിക്കുന്നു. യഥാർത്ഥത്തിൽ കേരളം ഇപ്പോൾ മുമ്പ് എങ്ങുമില്ലാത്തവിധം അതിന്റെ ശരിയായ ശേഷി തിരിച്ചറിയുന്നതിന് അനുകൂലമായി സജ്ജമാക്കപ്പെട്ടിരിക്കുന്നു. വികസനത്തിന്റെ പാതയിൽ രാഷ്ട്രീയ വ്യത്യാസം കടന്നുവരികയില്ലെന്ന് നമുക്ക് പ്രതിജ്ഞ എടുക്കാം.

**ജയ് ഹിന്ദ്**